പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 402 — 09.02. 2016 ൽ മറുപടിക്ക്

കെ.എസ്. ഇ.ബി. ഗാർഹിക ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ്

ചോദ്യം — ഉത്തരം

ശ്രീ.കെ.എൻ.എ.ഖാദർ — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി ഗാർഹിക ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് നടത്തുന്നത് ഏത് രീതിയിലാണ്; | (എ) ഗാർഹിക ഉപഭോക്താക്കളിൽ 20 KW കണക്ടഡ് ലോഡിനു മുകളിലുള്ളവരുടെ മീറ്റർ റീഡിംഗ് പ്രതിമാസവും 20 KW താഴെ കണക്ടഡ് ലോഡുള്ള ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് രണ്ട് മാസത്തിലൊരിക്കലും ആണ് എടുക്കുന്നത്. |
| (ബി) മീറ്റർ റീഡിംഗ് നടത്താൻ കഴിയാത്ത സാഹചര്യത്തിൽ ഉപഭോക്താക്കളിൽ നിന്നും പിഴ ഈടാക്കുവാൻ ഉദ്ദേശിച്ച് കെ.എസ്.ഇ.ബി തീരുമാനം കൈക്കൊണ്ടിരുന്നോ; എങ്കിൽ ഇത് റദ്ദാക്കാനുള്ള സാഹചര്യമുണ്ടായോ; എങ്കിൽ എന്തുകൊണ്ട് ; | (ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ റെഗുലേഷൻ III പ്രകാരം തുടർച്ചയായി രണ്ടു ബില്ലിംഗ് സൈക്കിളുകളിൽ മീറ്റർ റീഡിംഗ് അപ്രാപ്യമാകുന്ന പക്ഷം പിഴയീടാക്കാൻ വ്യവസ്ഥ ചെയ്യുന്നു. ഇതു പ്രകാരം എൽ.റ്റി. സിംഗിൾ ഫേസ് കണക്ഷന് പിഴത്തുക 250 രൂപയായും എൽ.റ്റി. ത്രീഫേസ് ഫേസ് കണക്ഷന് 500 രൂപയായും നിജപ്പെടുത്തി ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പിഴത്തുക ഈടാക്കുന്നത് താൽക്കാലികമായി മരവിപ്പിച്ചിട്ടുണ്ട്. |
| (സി) ഇത്തരം തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് സർക്കാരിന്റെ ഏതെങ്കിലും തരത്തിലുള്ള അനുമതി ആവശ്യമാണോ; എങ്കിൽ സർക്കാർ ഈ വിഷയത്തിൽ അനുമതി നൽകിയിരുന്നോ ; | (സി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന് സപ്ലൈ കോഡ് ചട്ടങ്ങൾ രൂപപ്പെടുത്താൻ സർക്കാർ അനുമതി ആവശ്യമാണെന്ന് നിയമം നിഷ്കർഷിക്കുന്നില്ല. |

| | |
|---|---|
| (ഡി) മീറ്റർ റീഡിംഗ് നടത്തുന്നതിന് മുമ്പ് റീഡിംഗ് നടത്താൻ ഉദ്ദേശിക്കുന്ന തീയതിയും സമയവും ഉപഭോക്താക്കളെ മുൻകൂട്ടി അറിയിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലായെങ്കിൽ പിഴ ഈടാക്കുന്നതു പോലെയുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് മുമ്പ് ഇത്തരം കാര്യങ്ങൾ വിലയിരുത്തേണ്ടതായിരുന്നു എന്ന് സർക്കാർ കരുതുന്നില്ലേ ? | (ഡി) സാധാരണ ഗതിയിൽ പ്രതിമാസം ബില്ലിംഗ് ചെയ്യുന്ന ഉപഭോക്താക്കളുടെ റീഡിംഗ് എല്ലാമാസവും ആദ്യത്തെ ദിവസങ്ങളിലും ദ്വൈമാസ ബില്ലിംഗ് ചെയ്യുന്ന ഉപഭോക്താക്കളുടെ റീഡിംഗ്, യഥാ- മാസങ്ങളിലെ നിശ്ചിത ദിവസത്തിലും ആയിരിക്കും രേഖപ്പെടുത്തുന്നത്.<br>നിശ്ചിത തീയതിയ്ക്കുള്ളിലാണ് ഇപ്പോൾ മീറ്റർ റീഡിംഗ് എടുക്കുന്നതിന് സംവിധാനമുള്ളത്. എന്നാൽ ഇത് മുൻകൂട്ടി അറിയിക്കുന്നതിന് സംവിധാനമില്ല. ചട്ടങ്ങൾ അന്തിമമായി പുറപ്പെടുവിക്കുന്നതിന് മുമ്പ് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കരട് ചട്ടങ്ങൾ പ്രസിദ്ധീകരിക്കുകയും, പൊതു തെളിവെടുപ്പ് നടത്തുകയും, പൊതു തെളിവെടുപ്പിൽ ഉപഭോക്താക്കൾ ചൂണ്ടിക്കാണിക്കുന്ന ആശങ്കകൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ